എം.എം.ജേക്കബ് പുരസ്കാരം ഏർപ്പെടുത്തി

തിരുവനന്തപുരം: ഭാരത് സേവക് സമാജിന്റെ സെക്രട്ടറി, ചെയർമാൻ, അഖിലേന്ത്യാ വൈസ് ചെയർമാൻ തുടങ്ങിയ പദവികൾ വഹിച്ചിരുന്ന എം.എം.ജേക്കബിന്റെ സ്മരണാർത്ഥം എം.എം.ജേക്കബ് സ്മാരക സമിതി രൂപീകരിച്ചു. പ്രഗല്ഭ സാമൂഹ്യ രാഷ്ട്രീയ നേതാക്കളെ കണ്ടെത്തി അവർക്ക് എം.എം.ജേക്കബ് പുരസ്കാരം നൽകി ആദരിക്കുക, അദ്ദേഹത്തിന്റെ സ്മരണാർത്ഥം സമ്മേളനങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക തുടങ്ങിയവയാണ് സമിതിയുടെ ചുമതലകൾ. 33,333 രൂപയും ഫലകവും ഉൾപ്പെട്ടതാണ് അവാർഡ്. ഈ വർഷത്തെ അവാർഡ് ഭാരത് സേവക് സമാജ് സ്ഥാപക ദിനമായ ആഗസ്റ്റ് 12 ന് പ്രഖ്യാപിക്കുമെന്ന് ജനറൽ സെക്രട്ടറി ബി.എസ്.ബാലചന്ദ്രൻ അറിയിച്ചു.

ആത്മോപദേശ ശതകം പഠന ക്ലാസ്

തിരുവനന്തപുരം : സംസ്ഥാന സാംസ്കാരിക വകുപ്പിന കീഴിൽ ചെമ്പഴന്തിയിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ അന്തർദ്ദേശീയ പഠന കേന്ദ്രത്തിൽ ആത്മോപദേശ ശതകം പഠനക്ലാസ് എല്ലാ ശനിയാഴ്ചയും വൈകിട്ട് നാല് മണി മുതൽ നടത്തും. ഡോ. എം. ആർ. യശോധരൻ ക്ലാസ് നയിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന നൂറുപേർക്കായിരിക്കും പ്രവേശനം. ഒരു ശ്ലോകം ഒരാഴ്ചയെന്ന നിലയിൽ നൂറാഴ്ച കൊണ്ടായിരിക്കും പഠനം പൂർത്തീകരിക്കുന്നത്. ഗുരുദർശനം പഠിക്കാനാഗ്രഹിക്കുന്നവർ പേർ രജിസ്റ്റർ ചെയ്യണമെന്ന് ഡയറക്ടർ അറിയിച്ചു. ഫോൺ : 0471259900, 9446933816, 9446175250.

സ്റ്റേറ്റ് പ്രയോറിറ്റി കാർഡുകൾക്ക് പരിഗണന നൽകണം

തിരുവനന്തപുരം : മുൻപ് ബി.പി.എൽ കാർഡുകൾക്ക് നൽകിയിരുന്ന എല്ലാ പരിഗണനയും ചികിത്സാ ആനുകൂല്യത്തിന്റെ കാര്യത്തിൽ സ്റ്റേറ്റ് പ്രയോറിറ്റി എന്ന രേഖപ്പെടുത്തിയ കാർഡുകൾക്കും നൽകണമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് അറിയിച്ചു.

അനാഥശാലകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

കോഴിക്കോട്: സംസ്ഥാന വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥശാലകളിൽ പ്രൊഫഷണൽ - തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ സംസ്ഥാന വഖഫ് ബോർഡ് യോഗം തീരുമാനിച്ചു. യോഗത്തിൽ സംസ്ഥാന ചെയർമാൻ പാണക്കാട് സയ്യിദ് റഷീദലി തങ്ങൾ അദ്ധ്യക്ഷത വഹിച്ചു. അപേക്ഷിക്കാനാഗ്രഹിക്കുന്നവർ രേഖകൾ സഹിതം ബന്ധപ്പെട്ടവരുടെ സാക്ഷ്യപത്രത്തോടൊപ്പം ആഗസ്റ്റ് 10ന് മുമ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ഓഫീസ്, കലൂർ, കൊച്ചി എന്ന വിലാസത്തിൽ സമർപ്പിക്കണം.

മെഡിക്കൽ ആദ്യ അലോട്ട്മെന്റ് ലഭിച്ചവർക്ക് പ്രവേശനം ഇന്നുകൂടി

തിരുവനന്തപുരം: മെഡിക്കൽ, ഡെന്റൽ അനുബന്ധ കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് ലഭിച്ചവർ ഇന്ന് വൈകിട്ട് 5നകം കോളേജുകളിൽ പ്രവേശനം നേടണം. നിശ്ചിത സമയത്തിനകം കോളേജുകളിൽ പ്രവേശനം നേടാത്തവരെ രണ്ടാംഘട്ട അലോട്ട്മെന്റിൽ പരിഗണിക്കില്ല. അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന കമ്മിഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് ഓൺലൈനായോ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ അടച്ച ശേഷമാണ് പ്രവേശനം നേടേണ്ടത്. രണ്ടാം ഘട്ട അലോട്ട്മെന്റ് 26 ന് പ്രസിദ്ധീകരിക്കും.

ഒന്നാം ഘട്ട അലോട്ട്മെന്റിൽ എം. ബി. ബി. എസ്, ബി. ഡി. എസ് ഉൾപ്പെടെയുള്ള മെഡിക്കൽ, അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് 22 ന് വൈകിട്ട് 5ന് മുൻപായി വിടുതൽ നേടാം. മെഡിക്കൽ, അനുബന്ധ കോഴ്സുകളിലെ ഹയർ ഓപ്ഷനുകൾ റദ്ദാകുന്നതിനാൽ ഇവരെ രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിക്കില്ല. എന്നാൽ ഇവർക്ക് മോപ്അപ് കൗൺസലിംഗിൽ പങ്കെടുക്കാം. 22 ന് വൈകിട്ട് 5ന് മുൻപായി വിടുതൽ നേടുന്നവർക്ക് കോളേജുകളിൽ നൽകിയിട്ടുള്ള ഫീസും മറ്റ് രേഖകളും കോളേജ് അധികൃതർ തിരികെ നൽകണം. ഇവർ പ്രവേശന പരീക്ഷാ കമ്മിഷണർക്ക് അടച്ച ഫീസും തിരികെ ലഭിക്കും.

ഒന്നാംഘട്ട അലോട്ട്മെന്റിൽ എം. ബി. ബി. എസ്/ ബി. ഡി. എസ് ഉൾപ്പെടെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സുകളിലെ സംസ്ഥാനത്തെ രണ്ടാംഘട്ട അലോട്ട്മെന്റിൽ കോളേജ്, കോഴ്സ് മാറ്റം ലഭിക്കുന്ന പക്ഷം ആദ്യം പ്രവേശനം നേടിയ കോളേജിൽ നൽകിയിട്ടുള്ള ഫീസും മറ്റ് വിദ്യാഭ്യാസ രേഖകളും കോളേജ് അധികാരികൾ താമസം വരുത്താതെ തിരികെ നൽകണം. ഒന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്നുള്ള പ്രവേശനം താത്കാലികമായതിനാൽ പ്രവേശന സമയത്ത് ട്യൂഷൻ ഫീസും അഡ്മിഷൻ ഫീസും ഒഴികെയുള്ള മറ്റ് ഫീസുകൾ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കരുതെന്ന് കോളേജ് അധികൃതർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

അഖിലേന്ത്യാ ക്വോട്ട സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട കൗൺസിലിംഗിന ശേഷം വിടുതൽ അനുവദിച്ചിട്ടുള്ള അവസാന തീയതിയായ 14ന് മുൻപ് ആൾ ഇന്ത്യാ ക്വോട്ടാ സീറ്റുകളിൽ നിന്ന് വിടുതൽ നേടാത്ത വിദ്യാർത്ഥികളെ മെഡിക്കൽ കൗൺസിലിന്റെ നിബന്ധന പ്രകാരം സംസ്ഥാനത്തെ രണ്ടാംഘട്ട അലോട്ട്മെന്റിലോ തുടർന്നുള്ള മോപ്അപ് കൗൺസലിംഗിലോ പരിഗണിക്കില്ലെന്നും എൻട്രൻസ് കമ്മിഷണർ അറിയിച്ചു.

കൺസ്യൂമർഫെഡിൽ ശമ്പളം പരിഷ്കരിച്ചു

കൊച്ചി: കൺസ്യൂമർഫെഡിൽ കുറഞ്ഞ വേതനം 15,500 രൂപയും പരമാവധി വേതനം 81,500 രൂപയുമാക്കി ശമ്പളപരിഷ്കരണം നടപ്പാക്കിയതായി ചെയർമാൻ എം. മെഹബൂബ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ദിവസവേതനക്കാരും താത്കാലിക ജീവനക്കാരുമുൾപ്പെടെ 2613 പേർക്കാർക്ക് 1.45 കോടി രൂപയുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത്. അടുത്ത മാസം മുതൽ പ്രാബല്യത്തിലാകും.

ഈ വർഷം ഫെഡറേഷന്റെ ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫാർമസി കോളേജിൽ ബി. ഫാം കോഴ്സ് ആരംഭിക്കും.

മറ്റു തീരുമാനങ്ങൾ

- 857 ദിവസവേതനക്കാരുടെ പ്രതിഫലം 400ൽ നിന്ന് 650 രൂപയാക്കി.
- കൺസോളിഡേറ്റഡ് പേ ജീവനക്കാർക്ക് 15,500 - 23,100 രൂപ
- കരാർ ജീവനക്കാർക്ക് 12000 - 15000 രൂപ
- പാർട്ട്ടൈം സ്വീപ്പർക്ക് 7450 രൂപയും 8800 ഡി.എയും

സർക്കാർ ആശുപത്രികളിലും അംഗൺവാടികളിലും നീതി ഗ്യാസ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. നീതിഗ്യാസ് പ്ലാന്റിൽ പ്രതിദിനം 15 ലോഡ് ഗ്യാസ് ഐ.ഒ.സിക്ക് വേണ്ടി റീഫിൽ ചെയ്യുന്നതിന് ഓർഡർ ലഭിച്ചു.

വാർത്താസമ്മേളനത്തിൽ കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടർ ഇൻചാർജ് എ. സഹദേവൻ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയംഗം പി. എം. ഇസ്മയിൽ, പി.ആർ. രാജേഷ് എന്നിവരും പങ്കെടുത്തു.

ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ്: അന്തിമരൂപമായി

തിരുവനന്തപുരം: സെപ്തംബർ 7 മുതൽ 11 വരെ കൊച്ചി മറൈൻ ഡ്രൈവിൽ നടക്കുന്ന ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിലെ (ഐ.എ.സി. 2018) പരിപാടികൾക്ക് അന്തിമരൂപമായി. ആരോഗ്യ മന്ത്രി കെ.കെ. ശൈലജയുടെ നിർദ്ദേശപ്രകാരം ഗവ. ആയുർവേദകോളേജ് ആഡിറ്റോറിയത്തിൽ നടന്ന മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരുടെയും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും യോഗത്തിലാണ് തീരുമാനം. ആയുർവേദ ഔഷധനയം ശില്പശാല, ആരോഗ്യവും ആഹാരവും ശില്പശാല, കാർഷിക സംഗമം, ആയുഷ് ഐക്യദാർഢ്യ സമ്മേളനം, ആയുഷ് സ്റ്റാർട്ട് അപ് കോൺക്ലേവ് എന്നിവയാണ് പ്രധാന പരിപാടികൾ. 2000 പ്രതിനിധികൾ, 500 പ്രത്യേക ക്ഷണിതാക്കൾ, 100 പ്രഭാഷണങ്ങൾ, വ്യവസായമേഖലയിൽ നിന്നുമുള്ള 200 വിദഗ്ദ്ധർ, പ്രവാസി ഇന്ത്യക്കാർ ഉൾപ്പെടെ വിദേശരാജ്യങ്ങളിൽ നിന്നും 200 പ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

തോട്ടം ഇളവ്: കടിച്ച പാമ്പിനെ കൊണ്ട് വിഷം ഇറക്കും!

കെ.പി.കൈലാസ്‌നാഥ്

തിരുവനന്തപുരം: തോട്ടം ഭൂമിക്ക് ഭൂപരിഷ്കരണ നിയമപ്രകാരം നൽകിയ ഇളവ് ലാൻഡ് ബോർഡിനെ കൊണ്ടുതന്നെ റദ്ദാക്കിക്കാൻ സർക്കാർ നീക്കം.

തോട്ടം ഒഴിപ്പിക്കൽ കേസിൽ ഹൈക്കോടതിയിൽ പരാജയപ്പെട്ടതിനെ തുടർന്നാണ് ഈ ശ്രമം തുടങ്ങിയത്. ഇതിനായി റവന്യൂ വകുപ്പ് സംസ്ഥാനത്തെ മിക്ക തോട്ടങ്ങളുടെയും രേഖകൾ സംഘടിപ്പിച്ച് വിശദമായി പഠിച്ച് വകുപ്പ് മേധാവികൾക്ക് കൈമാറിയിട്ടുണ്ട്.

വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് ലാൻഡ് ബോർഡാണ് ഹാരിസണിന്റെ 60,000 ഏക്കറിന് ഇളവ് നൽകിയത്. ഇതിൽ 30,000 ഏക്കറും വൈത്തിരി താലൂക്കിലാണ്. കൊല്ലം, കോട്ടയം, പത്തനംതിട്ട, തൃശൂർ, എറണാകുളം ജില്ലകളിലായി കിടക്കുന്ന ഭൂമിയിൽ ഏറ്റവും കൂടുതൽ ഭൂമിയുള്ള താലൂക്ക് ലാൻഡ് ബോർഡിനാണ് ഇളവ് നൽകാനുള്ള അധികാരം. ഇതു പ്രകാരമാണ് വൈത്തിരി താലൂക്ക് ലാൻഡ് ബോർഡ് ഇളവ് നൽകിയത്. മാനന്തവാടി സബ് കളക്ടറാണ് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ. ഉചിതമായ തീരുമാനമെടുക്കാൻ ലാൻഡ് ബോർഡിനോട് ലാൻഡ് റവന്യൂ കമ്മിഷണർക്ക് നിർദ്ദേശിക്കാം. തീരുമാനം അനുകൂലമല്ലെങ്കിൽ സർക്കാരിന് കോടതിയെ സമീപിക്കാം.

ഭൂമി ഏറ്റെടുക്കാൻ സ്പെഷ്യൽ ഓഫീസർക്ക് ഭൂസംരക്ഷണ നിയമ പ്രകാരം അധികാരമില്ലെന്ന് കോടതി വിധിച്ചിരുന്നു. തുടർന്നാണ് ലാൻഡ് ബോർഡിനുള്ള അധികാരം ഉപയോഗിച്ച് നടപടിയെടുക്കുന്നത്. ഇതിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ സെൽ തുടങ്ങാനും നീക്കമുണ്ട്.

രാജു നാരായണസ്വാമി അന്തർദേശീയ തിരഞ്ഞെടുപ്പ് നിരീക്ഷകൻ

തിരുവനന്തപുരം: സിംബാബ്‌വെയിലെ തിരഞ്ഞെടുപ്പ് നിരീക്ഷിക്കാനായി ഡോ. രാജു നാരായണ സ്വാമിയെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ നിയോഗിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള എട്ടംഗ ഉദ്യോഗസ്ഥ സംഘമായിരിക്കും ജൂലായ് 20 മുതൽ ആഗസ്റ്റ് 5 വരെ നടക്കുന്ന രാഷ്ട്രപതി, എം.പിമാർ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പ് വിലയിരുത്തുക. സിംബാബ്‌വെ വിദേശ കാര്യമന്ത്രി സിബുസിസൊമൊയോ കേന്ദ്രമന്ത്രി സുഷമാ സ്വരാജിന് കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഓംപ്രകാശ് റാവത്താണ് എട്ടംഗ ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ചത്.

ബാങ്ക് ഗ്യാരന്റിയില്ലാതെ പ്രവേശനം നൽകാൻ നിർദ്ദേശം

കൊച്ചി: സ്വാശ്രയ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ് പ്രവേശനത്തിന് ബാങ്ക് ഗ്യാരന്റി ആവശ്യപ്പെട്ടതിനെതിരെ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥിനി നൽകിയ ഹർജിയിൽ ബാങ്ക് ഗ്യാരന്റിയില്ലാതെ അഡ്മിഷൻ നൽകാൻ ഹൈക്കോടതി ഉത്തരവിട്ടു. മാവേലിക്കര സ്വദേശിനി ശ്രുതി വേണുഗോപാലിന്റെ ഹർജിയാണ് ഡിവിഷൻ ബെഞ്ച് പരിഗണിക്കുന്നത്. കൊല്ലത്തെ ട്രാവൻകൂർ മെഡിക്കൽ കോളേജ് അധികൃതർ നാല് വർഷത്തെ ഫീസ് ബാങ്ക് ഗ്യാരന്റിയായി നൽകാൻ ആവശ്യപ്പെട്ടതിനെതിരെയാണ് ഹർജി നൽകിയത്. ഇതേ കോളേജിൽ ബാങ്ക് ഗ്യാരന്റി നിഷ്കർഷിച്ചതിനെതിരെ കഴിഞ്ഞ ദിവസം ഒരുകൂട്ടം വിദ്യാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഇവർക്കും പ്രവേശനം നൽകാൻ ഉത്തരവിട്ട ഹൈക്കോടതി പ്രവേശന മേൽനോട്ട സമിതിക്കും എൻട്രൻസ് കമ്മിഷണർക്കും ഇക്കാര്യത്തിൽ ഉത്തരവു നൽകാൻ സ്വാതന്ത്ര്യമുണ്ടെന്ന് വ്യക്തമാക്കിയിരുന്നു.

മുൻ വി.സിക്കെതിരെ 'അന്വേഷണ ഭീഷണി'

തിരുവനന്തപുരം: 'വേണ്ടപ്പെട്ടവരെ' ജയിപ്പിക്കാൻ എൽ.എൽ.ബി ചോദ്യപേപ്പറുകൾ ഗുജറാത്തിലയച്ച് മൂന്നാം മൂല്യനിർണയം നടത്തിയത് നിയമവിരുദ്ധമാണെന്ന് ലേഖനമെഴുതിയതിന് മുൻ വൈസ്ചാൻസലർ ഡോ.പി.കെ.രാധാകൃഷ്ണനെതിരേ ക്രൈംബ്രാഞ്ച് അന്വേഷണത്തിന് സർക്കാരിന് ശുപാർശ നൽകാൻ കേരള യൂണി. സിൻഡിക്കേറ്റ് തീരുമാനിച്ചു.

ഗവ. ലാ കോളേജിലെ രണ്ട് വിദ്യാർത്ഥികളുടെ പരാതിയിലാണ് പകപോക്കൽ നടപടി.

മൂന്നാംമൂല്യനിർണയം സർവകലാശാലാ ചട്ടം സെക്ഷൻ(22)7ന് വിരുദ്ധമാണെന്നും ആവശ്യപ്പെടാത്ത കുട്ടികൾക്കും റീവാല്യുവേഷൻ നടത്തിയിട്ടുണ്ടെന്നും ഉത്തരവാദികൾ ജയിൽശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും ഡോ. രാധാകൃഷ്ണൻ ലേഖനത്തിലെഴുതിയിരുന്നു.

വാർത്ത പ്രസിദ്ധീകരിച്ചതിന് 'കേരളകൗമുദി'ക്കെതിരേ കേസുകൊടുക്കാനും സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നു.

ഒരുകുട്ടിയുടെ വിദേശ ജോലി, ഒന്നാം ചാൻസിൽ പരീക്ഷ വിജയിച്ചില്ലെന്ന കാരണത്താൽ നഷ്ടമാവുമെന്ന ഘട്ടത്തിലാണ് സിൻഡിക്കേറ്റ് കള്ളക്കളി നടത്തിയത്. ഒരു വിദ്യാർത്ഥിനിയെ ജയിപ്പിക്കാൻ 20 പേരുടെ ഉത്തരക്കടലാസുകൾ ഗുജറാത്തിലയച്ചു. ഇതിൽ 16 പേർക്കും മാർക്കിൽ 20 ശതമാനത്തിലധികം വ്യത്യാസമുണ്ടായെന്നും ചട്ടപ്രകാരം ഈ മാർക്ക് പ്രസിദ്ധീകരിക്കാനാവില്ലെന്നും പരീക്ഷാവിഭാഗം റിപ്പോർട്ട് നൽകിയിരിക്കുകയാണ്. പരീക്ഷാമാന്വൽ പ്രകാരം പുനർമൂല്യനിർണയത്തിനു ശേഷം വിദ്യാർത്ഥികളുടെ പരാതികൾ സ്വീകരിക്കാൻ പോലും പാടില്ല.

പരീക്ഷയിലും ഫലപ്രഖ്യാപനത്തിലും കാലതാമസം ഒഴിവാക്കാനും വീഴ്ചവരുത്തിയ ജീവനക്കാർക്കെതിരേ നടപടിയെടുക്കാനും സിൻഡിക്കേറ്റ് തീരുമാനിച്ചു. അന്താരാഷ്ട്ര ആർക്കൈവ് സെന്ററിനായി കാര്യവട്ടത്ത് സ്ഥലം നൽകുന്നതിൽ തീരുമാനമെടുത്തില്ല. സ്പോർട്സ് ഹബിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായി 200 ഏക്കറോളം നൽകിയിട്ടുണ്ട്. 500 ഏക്കർ കൈവശമുണ്ടായിരുന്നത് ഇപ്പോൾ 200 ഏക്കറേയുള്ളൂ. അതിനാൽ കൂടുതൽ ആലോചിച്ചശേഷമേ തീരുമാനമെടുക്കൂ.

> പരീക്ഷാമാന്വൽ പ്രകാരം മൂന്നാം മൂല്യനിർണയം തെറ്റാണ്. നിയമവിരുദ്ധമായ നടപടികൾ ചൂണ്ടിക്കാട്ടുകയാണ് ചെയ്തത്. ഏത് നിയമനടപടിയും നേരിടാൻ തയാറാണ്.

ഡോ.പി.കെ.രാധാകൃഷ്ണൻ
മുൻ വൈസ് ചാൻസലർ

വിളംബരം

അമൃതപുരി കാമ്പസിൽ എം.കോം, എം. ടെക് പ്രവേശനം

കരുനാഗപ്പള്ളി: അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസിൽ എം. കോം, എം. ടെക് പ്രോഗ്രാമുകളിൽ അഡ്മിഷൻ തുടരുന്നു. 50 ശതമാനത്തിൽ കൂടുതൽ മാർക്കോടെ ബി. കോം, ബി.ബി.എം. ബി. ബി. എ, ബി. എസ് സി ബാങ്കിംഗ് കോഴ്സുകൾ പാസായവർക്ക് എം. കോമിന് അപേക്ഷിക്കാം. എം. ടെക് പ്രോഗ്രാമിലേക്ക് 60 ശതമാനത്തിൽ കൂടുതൽ മാർക്കുള്ള എൻജിനിയറിംഗ് ബിരുദധാരികൾക്ക് അപേക്ഷിക്കാം. കാമ്പസിൽ നടത്തുന്ന ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അപേക്ഷ https aoapamrita edu amritapuri index എന്ന വെബ്സൈറ്റിൽ സ്വീകരിക്കും. താല്പര്യമുള്ളവർ 7034024264, 0476- 2805280 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടണം. പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിൽ ഉയർന്ന സ്റ്റൈപ്പൻഡോടെ ഇന്റേൺഷിപ്പിനും പഠനത്തിനും കേന്ദ്ര സർക്കാർ പ്രോജക്ടുകളിൽ ഭാഗമാകാനും അവസരം ലഭിക്കും. 250 ലധികം കമ്പനികളിൽ ഉയർന്ന ശമ്പളത്തോടെ പ്ലേസ്മെന്റിനും സൗകര്യമുണ്ടായിരിക്കും.

ലൈഫ് സർട്ടിഫിക്കറ്റ് നൽകണം

തിരുവനന്തപുരം : സംസ്ഥാന സർക്കാരിന്റെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കുള്ള പെൻഷൻ കൈപ്പറ്റുന്ന തിരുവനന്തപുരം ജില്ലയിലെ ഏജന്റുമാർ 16ന് മുമ്പ് ലൈഫ് സർട്ടിഫിക്കറ്റ് ദേശീയ സമ്പാദ്യ പദ്ധതി തിരുവനന്തപുരം ജില്ലാ ഓഫീസിൽ ലഭ്യമാക്കണം. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ പെൻഷൻ മുടങ്ങും.

ഡയറക്ടർ ഒഴിവ്

തിരുവനന്തപുരം: ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസിൽ ഡയറക്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ മെഡിക്കൽ കോളേജുകളിൽ 15 വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയം ഉള്ളവർക്കും സർക്കാർ സർവീസിൽ 15 വർഷത്തിൽ കുറയാത്ത മാനേജ്മെന്റിൽ വൈദഗ്ദ്ധ്യം തെളിയിച്ച മെഡിക്കൽ ബിരുദധാരികൾക്കും അപേക്ഷിക്കാം.
വെബ്സൈറ്റ്: www.scdd.kerala.gov.in

പ്ലസ്‌വൺ: രണ്ടാം സപ്ലിമെന്ററി അപേക്ഷ

പ്ലസ്‌വൺ ഏകജാലക സംവിധാനത്തിലെ വിവിധ അലോട്ട്മെന്റുകളിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കാം. അപേക്ഷ സ്കൂളിൽ സമർപ്പിച്ച് അലോട്ട്മെന്റ് ലഭിക്കാത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിന് പരിഗണിക്കുന്നതിനായി RENEWAL FORM നേരത്തെ അപേക്ഷ സമർപ്പിച്ച സ്കൂളിൽ സമർപ്പിക്കണം. ഇതുവരെയും അപേക്ഷ നൽകാൻ കഴിയാത്തവർ വെബ്സൈറ്റിലെ APPLY ONLINE SWS എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിച്ച് പ്രിന്റൗട്ട് അനുബന്ധ രേഖകൾ സഹിതം അടുത്തുള്ള ഏതെങ്കിലും സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണം. അപേക്ഷ ഓൺലൈനായി സമർപ്പിച്ച് പ്രിന്റൗട്ടിൽ സ്കൂളിൽ വെരിഫിക്കേഷൻ സമർപ്പിക്കാത്തവർ പ്രിന്റൗട്ടിൽ പ്രസിദ്ധപ്പെടുത്തിയ വേക്കൻസിക്കനുസരിച്ച് പുതിയ ഓപ്ഷനുകൾ എഴുതിച്ചേർത്ത് ഏറ്റവും അടുത്ത സർക്കാർ/ എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളിൽ വെരിഫിക്കേഷനായി സമർപ്പിക്കണം. സപ്ലിമെന്ററി അലോട്ട്മെന്റിനായുള്ള വേക്കൻസിയും മറ്റ് വിവരങ്ങളും ഇന്ന് അഡ്മിഷൻ (www.hscap.kerala.gov.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സപ്ലിമെന്ററി അലോട്ട്മെന്റിനായുള്ള അപേക്ഷകൾ 16ന് വൈകിട്ട് അഞ്ചിനുള്ളിൽ സമർപ്പിക്കണം.

തിരുവനന്തപുരം

ഹിയറിംഗ് 16ന്

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള സംസ്ഥാന കമ്മിഷൻ, 16ന് രാവിലെ 11ന് കോട്ടയം പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിൽ ഹിയറിംഗ് നടത്തും.

പാരാമെഡിക്കൽ ഡിപ്ലോമ സപ്ലിമെന്ററി പരീക്ഷ

ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ നടത്തുന്ന പാരാമെഡിക്കൽ ഡിപ്ലോമ സപ്ലിമെന്ററി (ജൂലൈ 2018) പരീക്ഷയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. അവസാന തീയതി: 18. വിശദവിവരങ്ങൾ www.dme.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

റാങ്ക്‌ലിസ്റ്റ് പരിശോധിക്കണം

സംസ്ഥാനത്തെ ഗവ. ഐ. ടി. ഐ. കളിലെ ആഗസ്റ്റ് സെഷനിലെ പ്രവേശനത്തിന് ഓൺലൈൻ മുഖേന 72500 അപേക്ഷ ലഭിച്ചു. അപേക്ഷ സമർപ്പിച്ചവർ ട്രേഡ് ചോയിസിനായി ഉൾപ്പെടുത്തിയിട്ടുള്ള ഗവ. ഐ. ടി. ഐ. കളിൽ റാങ്ക് ലിസ്റ്റ് പരിശോധിക്കണം. ഇന്റർവ്യൂവിന്റെ വിശദാംശങ്ങൾക്ക് അതത് ഗവ. ഐ. ടി. ഐ. യിൽ ബന്ധപ്പെടണം.

റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു

എം.സി.എ ലാറ്ററൽ എൻട്രി കോഴ്സ്, എം. സി.എ സെക്കന്റ് ഇയർ ഡയറക്ടറേറ്റ് കോഴ്സ്, എം. സി.എ റഗുലർ (മൂന്ന് വർഷം) കോഴ്സുകൾക്ക് 2018 -19 വർഷത്തെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ഫോൺ: 0471 2560360, 361, 362, 363, 364, 365.

കുട്ടികൾക്കുള്ള ദേശീയ, സംസ്ഥാന ധീരതാ അവാർഡിന് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കുട്ടികളുടെ ധീരതയ്ക്കുള്ള ദേശീയ അവാർഡിനും സംസ്ഥാന ശിശുക്ഷേമ സമിതി നൽകുന്ന അവർഡുകൾക്കും അപേക്ഷ ക്ഷണിച്ചു.

അപേക്ഷകൾ നിർദ്ദിഷ്ടഫോറത്തിൽ സംസ്ഥാന ശിശുക്ഷേമ സമിതി മുഖേന നൽകണം. ആറിനും പതിനെട്ടിനുമിടയിൽ പ്രായമുള്ള, ധീരത പ്രകടിപ്പിച്ച കുട്ടികൾക്ക് അപേക്ഷിക്കാം.

സാമൂഹ്യ തിന്മകൾക്കെതിരെയും സ്വന്തം ജീവന് അപകടം സംഭവിക്കുമെന്ന് കണക്കാക്കാതെയും നടത്തിയ ധീരതയും സാഹസികതയും വ്യക്തമാക്കുന്ന പ്രവർത്തനങ്ങൾ 2017 ജൂലായ് ഒന്നിനും 2018 ജൂൺ 30നും ഇടയ്ക്ക് നടത്തിയിരിക്കണം.

ഭാരത് അവാർഡ്, ഗീതാ ചോപ്രാ അവാർഡ്, സഞ്ജയ് ചോപ്രാ അവാർഡ്, ബാപ്പു ഗയധാനി അവാർഡ് (3 എണ്ണം) ജനറൽ അവാർഡ് എന്നീ ദേശീയ ബഹുമതികളാണ് നൽകുന്നത്.

മെഡലും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും അടങ്ങുന്ന അവാർഡിന് പുറമേ അർഹത നേടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക ചെലവ് ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ വഹിക്കും.

അവാർഡിനർഹരായ കുട്ടികളെ ശിശുദിനത്തിൽ പ്രഖ്യാപിക്കും. സംസ്ഥാന ശിശുക്ഷേമ സമിതി നൽകുന്ന സംസ്ഥാന ധീരതാ അവാർഡിനും ഇവരെ പരിഗണിക്കും.

സാമൂഹ്യക്ഷേമ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പൊലീസ് എന്നീ സർക്കാർ വകുപ്പുകൾക്കും ധീരരായ കുട്ടികളുടെ പേര് ശുപാർശ ചെയ്യാം. അപേക്ഷാഫോറം www.iccw.co.in ൽ ലഭിക്കും.

പൂരിപ്പിച്ച അപേക്ഷ അവാർഡിനർഹമായ പ്രവൃത്തി സംബന്ധിച്ച പത്രവാർത്തകളും അനുബന്ധരേഖകളും മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോകളുമായി ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട് പി.ഒ., തിരുവനന്തപുരം695 014 എന്ന വിലാസത്തിൽ സെപ്തംബർ10ന് വൈകിട്ട് അഞ്ചിന് മുമ്പ് നൽകണം.

കവറിന് മുകളിൽ നാഷണൽ/ സ്റ്റേറ്റ് ബ്രേവറി അവാർഡ് ഫോർ ചിൽഡ്രൻ 2018 എന്ന് എഴുതണം. സംസ്ഥാന ശിശുക്ഷേമ സമിതി നിയോഗിക്കുന്ന സ്പെഷ്യൽ ജൂറി പരിശോധിച്ച് ഏറ്റവും അർഹമായ അപേക്ഷകൾ അവാർഡിന് ശുപാർശ ചെയ്യും.

സർവകലാശാല വാർത്തകൾ

കേരള
www.kerala university.ac.in

ബിരുദ പ്രവേശനം: സേ പരീക്ഷ വിജയിച്ചവർക്ക് അപേക്ഷിക്കാം

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, യു.ഐ.ടി, ഐ. എച്ച്. ആർ. ഡി) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് 2018-ലെ +2, വി. എച്ച്. എസ്. ഇ. സേ പരീക്ഷ വിജയിച്ചവർക്ക് 16 ന് രാവിലെ 10 മണിവരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഓൺലൈൻ വഴിയും ഫീസ് അടയ്ക്കാമെന്നതിനാൽ ബാങ്ക് സമയം കഴിഞ്ഞും, അവധി ദിവസങ്ങളിലും ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

ബിരുദ പ്രവേശനം: തിരുത്തലിന് അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, യു.ഐ.ടി, ഐ.എച്ച്. ആർ. ഡി) ഒന്നാംവർഷ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ളവർക്ക് 16ന് രാവിലെ 10 മണി വരെ ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്താം. സർവകലാശാലയിൽ തിരുത്തലിനായി അപേക്ഷ നൽകിയിട്ടുള്ളവരും സ്വമേധയാ തിരുത്തലുകൾ വരുത്തേണ്ടതാണ്. തിരുത്തലുകളിൽ സംശയമുള്ളവർ സർവകലാശാലയെ സമീപിക്കണം.

പി.ജി. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ / സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള (2018-19) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദ വിവരം വെബ്സൈറ്റിൽ. ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി 31.

പരീക്ഷാഫീസ്

നാലാം സെമസ്റ്റർ ബി. ടെക് 2008 /2013 സ്കീം ആഗസ്റ്റ് 2018 പരീക്ഷകൾക്ക് 18 വരെ പിഴ കൂടാതെയും 50 രൂപ പിഴയോടെ 20 വരെയും 125 രൂപ പിഴയോടെ 23 വരെയും ഓൺലൈനായി അപേക്ഷിക്കാം. ട്രാൻസിറ്ററി, മേഴ്സി ചാൻസ്, സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷകൾക്ക് സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം.

പരീക്ഷാഫലം

വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം വഴി ഏപ്രിൽ 2018ൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എച്ച്.ആർ.എം (മാസ്റ്റർ ഒഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്) സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

പി എച്ച്.ഡി നൽകി

ആർ.ജയരാജ്, മേരി അനിത റൂബൻ (കൊമേഴ്സ്), രശ്മി ആർ.എൽ (ഇംഗ്ലീഷ്), സ്മിത പിള്ള (സോഷ്യോളജി), ദേവിക എസ് (എഡ്യൂക്കേഷൻ), അനഷ എഡ്‌വിൻ (മാത്തമാറ്റിക്സ്), ദേവേന്ദ്രൻ എസ് (അപ്ലൈഡ് സയൻസ് ആൻഡ് ടെക്നോളജി), സിൽജ എബ്രഹാം (കെമിസ്ട്രി), ശ്രീദേവി എസ് (ഹിന്ദി), സുമി കെ.വി (മാനേജ്മെന്റ് സ്റ്റഡീസ്)

കാലിക്കറ്റ്
www. university ofcalicut.info

കമ്മ്യൂണിറ്റി, ഭിന്നശേഷി വിഭാഗങ്ങളിൽ പി.ജി പ്രവേശനം

അഫിലിയേറ്റഡ് കോളേജുകളിലേക്ക് പ്രവേശന പരീക്ഷ മുഖാന്തരമല്ലാത്ത പി.ജി പ്രവേശനത്തിന് കമ്മ്യൂണിറ്റി, ഭിന്നശേഷി വിഭാഗങ്ങളിലേക്ക് അപേക്ഷിച്ചവരുടെ ലിസ്റ്റ് അതത് കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക് ലോഗിൻ ചെയ്ത് വിവരങ്ങൾ അറിയാം. കമ്മ്യൂണിറ്റി വിഭാഗത്തിലേക്ക് അപേക്ഷിച്ചവർ 16ന് 12നകം അപേക്ഷിച്ച കോളേജുകളിൽ റിപ്പോർട്ട് ചെയ്യണം. റിപ്പോർട്ട് ചെയ്തവരിൽ നിന്ന് 16ന് രണ്ട് മണിക്ക് കോളേജുകൾ തയ്യാറാക്കുന്ന കമ്മ്യൂണിറ്റി റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെടുന്നവർ 17ന് അതത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം പൂർത്തീകരിക്കണം.
ഭിന്നശേഷി വിഭാഗത്തിലേക്ക് അപേക്ഷിച്ചവരെ കോളേജിൽ നിന്ന് നേരിട്ട് ബന്ധപ്പെടും. ഫോൺ: 0494 2407016, 2407017.

ബിരുദ ഏകജാലകം: ഓൺലൈൻ രജിസ്ട്രേഷൻ

ബിരുദ ഏകജാലക പ്രവേശനത്തോടനുബന്ധിച്ച് പ്ലസ്ടു സേ പരീക്ഷ വിജയിച്ചവർക്ക് ഓൺലൈൻ രജിസ്ട്രേഷന് 12, 13 തീയതികളിൽ അവസരമുണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് ജനറൽ 530 രൂപ, എസ്.സി/ എസ്.ടി 370 രൂപ. ബിരുദ പ്രവേശനത്തിന് ഏതെങ്കിലും ഘട്ടത്തിൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിച്ചവർക്ക് ഈ അവസരം ലഭിക്കില്ല. സ്പെഷ്യൽ അലോട്ട്മെന്റ് പ്രവേശനത്തിന് ശേഷം ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് 16ന് വൈകിട്ട് അഞ്ച് മണിക്ക് രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റ് നടത്തും. 13വരെ ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിൽ പ്രവേശനമെടുക്കുന്ന വിദ്യാർത്ഥികൾ ഹയർ ഓപ്ഷനിലേക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ അവ 13ന് വൈകിട്ട് അഞ്ചിനകം ക്യാൻസൽ ചെയ്യണം.

എം.എ വിമെൻസ് സ്റ്റഡീസ് പ്രവേശനം

എം.എ വിമെൻസ് സ്റ്റഡീസ് പ്രവേശനം (വെയിറ്റിംഗ് ലിസ്റ്റ്) 13ന് നടക്കും. റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെട്ടവർ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം രാവിലെ പത്ത് മണിക്ക് പഠനവകുപ്പിൽ എത്തണം.

റാങ്ക്‌ലിസ്റ്റ്

സുവോളജി പഠനവകുപ്പിലെ എം. എസ്‌സി അപ്ലൈഡ് സുവോളജി റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ. ഷുവർ/ വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടവർ എല്ലാ രേഖകളും സഹിതം 13ന് രാവിലെ 10.30ന് പഠനവകുപ്പിൽ അഭിമുഖത്തിന് ഹാജരാകണം.

സീറ്റ് ഒഴിവ്

ജിയോളജി പഠനവകുപ്പിൽ എം.എസ് സി അപ്ലൈഡ് ജിയോളജിക്ക് ബി. പി. എൽ, ഒ. ബി. എച്ച് വിഭാഗത്തിൽ ഒരോന്നും, എസ്.സി/എസ്.ടി വിഭാഗത്തിൽ രണ്ട് വീതവും സീറ്റുകൾ ഒഴിവുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഈ വിഭാഗക്കാർ 13ന് ഒരു മണിക്കകം പഠനവകുപ്പിൽ ഹാജരാകണം. ഫോൺ: 9037216561, 9791073714.

പരീക്ഷാ കേന്ദ്രം

ബി.ടെക് അഞ്ചാം സെമസ്റ്റർ (2004 സ്കീം) സപ്ലിമെന്ററി പരീക്ഷയ്ക്ക് താഴെ കൊടുത്ത ജില്ലകളിൽ രജിസ്റ്റർ ചെയ്തവർ ബ്രാക്കറ്റിൽ കാണുന്ന കേന്ദ്രങ്ങളിൽ പരീക്ഷ എഴുതണം.
പാലക്കാട് ജില്ല (പാലക്കാട് എൻ. എസ്.എസ് എൻജിനിയറിംഗ് കോളേജ്), തൃശൂർ ജില്ല (തൃശൂർ ഗവൺമെന്റ് എൻജിനിയറിംഗ് കോളേജ്), മലപ്പുറം ജില്ല (കോഹിനൂർ സർവകലാശാലാ എൻജിനിയറിംഗ് കോളേജ്), കോഴിക്കോട് (കോഴിക്കോട് ഗവൺമെന്റ് എൻജിനിയറിംഗ് കോളേജ്).

എം.ജി
www.mgu.ac.in

പി.ജി ഏകജാലകം: ട്രയൽ അലോട്ട്മെന്റ്

ഏകജാലകം വഴിയുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഓപ്ഷനുകൾ പുതുക്കുന്നതിനും ഓൺലൈൻ അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനും ഇന്ന് വൈകിട്ട് 5 വരെ അവസരമുണ്ടാകും. വിശദവിവരങ്ങൾ www.cap.mgu.ac.in ൽ. ഒന്നാം അലോട്ട്മെന്റ് 17ന് പ്രസിദ്ധീകരിക്കും.

പ്രാക്ടിക്കൽ

തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വീണ, വയലിൻ (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ 20 മുതൽ 26 വരെ തൃപ്പൂണിത്തുറ ആർ. എൽ.വി. കോളേജിൽ നടത്തും.

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എം.എസ്‌സി സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 21 വരെ അപേക്ഷിക്കാം.

പി എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ

സ്കൂൾ ഒഫ് ഇന്ത്യൻ ലീഗൽ സ്റ്റഡീസ് നടത്തുന്ന പി എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷകൾ (ജുഡിഷ്യൽ പ്രോസസ്, റിസർച്ച് മെതഡോളജി) യഥാക്രമം 9, 14 തീയതികളിൽ നടക്കും. അപേക്ഷകൾ പിഴയില്ലാതെ 16 വരെയും 50 രൂപ പിഴയോടെ 23 വരെയും സമർപ്പിക്കാം.



പി.എസ്.സി
www.kerala psc.gov.in

ഇന്റർവ്യൂ

കാറ്റഗറി നമ്പർ 387/2014 പ്രകാരം കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.എ (മലയാളം മീഡിയം) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരിൽ മുസ്ലീം സപ്ലിമെന്ററി ലിസ്റ്റ് രജിസ്റ്റർ നമ്പർ 100725 മുതലുള്ള ഉദ്യോഗാർത്ഥികൾക്കും സപ്ലിമെന്ററി ലിസ്റ്റ് എൽ. സി., ഒ.ബി.സി., വിശ്വകർമ, എസ്. ഐ.യു.സി.നാടാർ, ഒ.എക്സ്., ധീവര, ഹിന്ദു നാടാർ, ഭിന്നശേഷി വിഭാഗം എന്നിവർക്ക് 18, 19, 20, 25, 26 തീയതികളിലും, കാറ്റഗറി നമ്പർ 172 /2015 പ്രകാരം കേരള ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) ഉറുദു തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് 25, 26, 27 തീയതികളിലും, കാറ്റഗറി നമ്പർ 241 /2016 പ്രകാരം വ്യവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ) (പട്ടികജാതി/പട്ടികവർഗക്കാരിൽ നിന്നുള്ള പ്രത്യേക നിയമനം) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് 27 നും പി.എസ്.സി ആസ്ഥാന ഓഫീസിൽ ഇന്റർവ്യൂ നടത്തും.